(ബി) ഉണ്ടെങ്കിൽ എത്രവർഷം തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ച സംഘങ്ങളെയാണ് പിരിച്ചു വിടുവാൻ ശുപാർശ ചെയ്തിട്ടുള്ളത് ;

(സി) ഈ ശുപാർശയിന്മേൽ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ ;

(ഡി) തുടർച്ചയായി നഷ്ടം വരുത്തിയിട്ടുള്ള സംഘങ്ങൾ ഇതുവരെ ഒട്ടാകെ എന്തു നഷ്ടം വരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഇല്ല.

(ബി&സി) ചോദ്യം 'എ'യ്ക്കുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ പ്രസക്തമല്ല.

(ഡി) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾ, ഉദ്ദേശം 522,18,28,793 രൂപ നഷ്ടം വരുത്തിയിട്ടുണ്ട് എന്ന് കണക്കാക്കുന്നു.

സഹകരണ മേഖലയിലെ സാമ്പത്തിക പ്രതിസന്ധി

21 (*51) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. വി. ബാലറാം :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖല സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുകയാണെന്ന റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ഗവൺമെന്റിന് സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാന സഹകരണബാങ്കിനുള്ള സഹായം നബാർഡ് നിർത്തിവച്ചിട്ടുണ്ടോ ; എങ്കിൽ അതിന് നബാർഡ് പറയുന്ന കാരണം വിശദമാക്കാമോ ;

(ഡി) സഹകരണ മേഖലയിൽ പ്രൈമറി സംഘങ്ങൾ ഉൾപ്പെടെ ഉള്ള സഹകരണ സ്ഥാപനങ്ങൾ എല്ലാം കൂടി എത്ര രൂപ സർക്കാർ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട് ;

(ഇ) ഈ നിക്ഷേപങ്ങൾ നടത്തിയത് ലാഭകരമായ പലിശ ലഭിക്കുമെന്നതുകൊണ്ടാണോ എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാന സഹകരണ ബാങ്ക് ഹരിയാന, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലെ സഹകരണ ബാങ്കുകളിൽ നിന്നും ധനസമാഹരണം നടത്തിയിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ എത്ര കോടി രൂപ സമാഹരിച്ചു എന്നും ഇതിന് നൽകേണ്ട പലിശനിരക്ക് എത്ര ആണെന്നും വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ജില്ലാ സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപം നടത്തിയിരിക്കുന്നുവെന്ന കാരണം പറഞ്ഞ് നബാർഡ് സംസ്ഥാന സഹകരണ ബാങ്കിന് പുനർവായ്പാ സഹായം നിർത്തിവച്ചിട്ടുണ്ടെന്നും സംസ്ഥാന സഹകരണ ബാങ്ക് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ മിനിമം ഇൻവോൾവ്മെന്റ് വ്യവസ്ഥയുടെ കാരണത്തിന്മേൽ നബാർഡ് പുനർവായ്പ അനുവദിക്കുന്നില്ലായിരുന്നു.

(ഡി) ജില്ലാ സഹകരണ ബാങ്കുകൾ 502.24 കോടി രൂപയും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ 299.28 കോടി രൂപയും ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ആകെ 801.32 കോടി രൂപ.

(ഇ) ലാഭകരമായ പലിശ ലഭിക്കുമെന്നതുകൊണ്ടാണ് നിക്ഷേപം നടത്തിയത്.

(എഫ്) നിക്ഷേപം വാങ്ങിയിട്ടുണ്ട്.

(ജി) ഹരിയാന സംസ്ഥാന സഹകരണബാങ്കിൽ നിന്നും 60 കോടി രൂപ 10.75 ശതമാനം മുതൽ 12 ശതമാനം വരെ പലിശനിരക്കിലും പശ്ചിമ ബംഗാൾ സഹകരണബാങ്കിൽ നിന്നും 70 കോടി രൂപ 11 ശതമാനം മുതൽ 11.50 ശതമാനം വരെ പലിശനിരക്കിലും ഹ്രസ്വകാല നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട്. ഇത് സംസ്ഥാന സഹകരണബാങ്കുകൾ തമ്മിലുള്ള സാധാരണ നടപടി മാത്രമാണ്.

സ്പോട്ട് ബില്ലിംഗ് സംവിധാനം

22 (*52) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോട്ട് ബില്ലിംഗ് സംവിധാനം സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പിൽ വന്നിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണ് ഈ പരിഷ്കാരം സംസ്ഥാനത്തൊട്ടാകെ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly